# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P8/908/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 08/11/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P8/908/2022 തീയ്യതി: 08/11/2022

## പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2022 | 19-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2022 | 19-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആശ സി.ജി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലത എസ്. | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ.ലിജ്ജ ജോൺ കെ.,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 23-05-2021 |
| ശ്രീ.പ്രസാദ് എസ്. | സെക്രട്ടറി | 24-05-2021 | 29-07-2021 |
| ശ്രീ.ലിജ്ജ ജോൺ കെ.,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-07-2021 | 01-09-2021 |
| ശ്രീ.പ്രസാദ് എസ്. | സെക്രട്ടറി | 02-09-2021 | 07-10-2021 |
| ശ്രീ.ലിജ്ജ ജോൺ കെ.,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2021 | 07-11-2021 |
| ശ്രീ.പ്രസാദ് എസ്. | സെക്രട്ടറി | 08-11-2021 | 31-01-2022 |
| ശ്രീമതി സബീന ടി.കെ,ഹെഡ് ക്ളർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 15-02-2022 |
| ശ്രീമതി.റുബീന എം. | സെക്രട്ടറി | 16-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലിജ്ജ ജോൺ കെ. | അസി.സെക്രട്ടറി | 01-04-2021 | 27-01-2022 |
| ശ്രീമതി.രജനി രവീന്ദ്രൻ | അസി.സെക്രട്ടറി | 28-01-2022 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് എ.എച്ച്. | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിമിത മുരളി | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.മീര രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി ബി. | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ പിള്ള | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉഷ കെ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു എസ്.എൻ. | ഹെഡ്മിസ്ട്രസ്,ഗവ.മോഡൽ യു.പി.എസ്.,പുല്ലാട് | 01-04-2021 | 31-03-2022 |
| ശ്രീമതി.വിദ്യ എസ്. | ഡയറി എക്സ്റ്റൻഷൻ | 01-04-2021 | 06-07-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.ഓബി ആർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-07-2021 | 31-03-2022 |
| ശ്രീ.അരുൺ എ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷെന്നൂബ് പി.എസ്. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-11-2021 |
| ശ്രീ.ശ്രീകുമാർ ജെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-11-2021 | 31-03-2022 |
| ശ്രീ.ബിനോയ് കെ.വി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreeja Unnikrishnan (Audit Officer, On 18-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sreeja Unnikrishnan (Audit Officer, On 18-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Asha M Kuruvilla (Auditor, On 19-08-2022)<br>Last Updated By: Marun Mathew (Audit Officer, On 19-10-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: SINDHUMOL V N (Auditor, On 19-08-2022)<br>Last Updated By: Asha M Kuruvilla (Auditor, On 01-09-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Unnikrishnan (Audit Officer, On 24-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 01-09-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreeja Unnikrishnan (Audit Officer, On 18-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-10 |
| 11 | തൊഴിൽനികുതി പിരിവ്-അപാകങ്ങൾ<br>Written By: SINDHUMOL V N (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: SINDHUMOL V N (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-12 |
| 13 | വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: SINDHUMOL V N (Auditor, On 21-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ.<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ 2,21,238/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-15 |
| 16 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച വാണിജ്യ കെട്ടിടത്തിനു നികുതി നിർണ്ണയിച്ച് നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-16 |

| | | |
|---|---|---|
| 17 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച വാണിജ്യ കെട്ടിടത്തിനോട് ചേർന്ന് എക്സ്റ്റൻഷൻ കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകി<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-17 |
| 18 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 20-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-18 |
| 19 | എൻ.പി.എസ്. വിഹിതം പ്രാൺ അക്കൗണ്ടിലേക്ക് യഥാസമയം അടവാക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-19 |
| 20 | ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല-വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 16.98 ലക്ഷം രൂപ അടവാക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-20 |
| 21 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-21 |
| 22 | കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-22 |
| 23 | പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Sreeja Unnikrishnan (Audit Officer, On 25-08-2022)<br>Last Updated By: Joe M James (Computer Assistant, On 11-10-2022) | 1-23 |
| 24 | ഹരിതകർമ്മസേന പ്രവർത്തനം -അവലോകനം<br>Written By: Asha M Kuruvilla (Auditor, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-24 |
| 25 | മരുന്നുകൾ ലഭ്യമായില്ല-തുക തടസപ്പെടുത്തുന്നു<br>Written By: Sreeja Unnikrishnan (Audit Officer, On 25-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-25 |
| 26 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും പാലിയേറ്റീവ് കെയറിനും ആവശ്യമായ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Sreeja Unnikrishnan (Audit Officer, On 25-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-26 |
| 27 | പാലിയേറ്റീവ് പരിചരണം-രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sreeja Unnikrishnan (Audit Officer, On 25-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-27 |
| 28 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreeja Unnikrishnan (Audit Officer, On 25-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-28 |
| 29 | സർക്കാർ നിർദ്ദേശമില്ലാതെ നഴ്സറി കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി അലവൻസ് നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-29 |
| 30 | സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-30 |

| | | |
|---|---|---|
| 31 | റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ഉപയോഗിച്ചത്-ബില്ലുകളിൽ അവ്യക്തത.<br>Written By: K R Maheshkumar (Asst. Audit Officer, On 24-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 12-10-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 09-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Asha M Kuruvilla (Auditor, On 20-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Sreeja Unnikrishnan (Audit Officer, On 22-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha M Kuruvilla (Auditor, On 05-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Asha M Kuruvilla (Auditor, On 08-08-2022)<br>Last Updated By: Asha M Kuruvilla (Auditor, On 14-10-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1,12,79,370 രൂപ മുന്നിരിപ്പം 18,54,83,760/- രൂപ വരവും 18,11,55,260/- രൂപ ചെലവും 1,56,07,870/-രൂപ നീക്കിയിരിപ്പം പ്രതീക്ഷിക്കുന്ന ബജറ്റ് 24.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.3.22 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

2021-22 ലെ വാർഷിക ധനകാര്യ പത്രിക 30.05.2022-ന് എയിംസിൽ ഇ-സബ്മിറ്റ് ചെയ്തു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ/ ആയതിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട തുടർനടപടികൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും റവന്യൂ, ക്യാപിറ്റൽ എന്നീ ഇനങ്ങൾക്കായി ലഭിച്ച തുകയുടെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പം (₹59,93,728) ജോയിന്റ് വെഞ്ചർ ട്രഷറി സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും (₹62,31,915) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ഷെഡ്യൂൾ B-7- Contractor's Retention (Code No-340100301) എന്ന ഇനത്തിൽ 90,090 രൂപയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ നീക്കിബാക്കിയായിട്ടുള്ളത് 82959 രൂപയാണ് (69207+13752-0). ആയത് കൃത്യമാക്കേണ്ടതാണ്.
3. ഷെഡ്യൂൾ B-9- Liability In Respect Of Stale Cheque എന്ന ഇനത്തിൽ 6937 രൂപയിൽ 3900 രൂപയുടെ ചെക്ക് ഇഷ്യൂ ചെയ്തിട്ട് മൂന്ന് വർഷത്തിൽ അധികമായിരിക്കുന്നു (Chq No. 010293/dt. 10.08.2017). ടി തുക ക്രമപ്പെടുത്തിയിട്ടില്ല.
4. ഷെഡ്യൂൾ B-15- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,27,69,518 |
| വരവ് | 7,70,96,624 |
| ആകെ | 9,98,66,142 |
| ചെലവ് | 8,12,08,278 |
| നീക്കിയിരിപ്പ് | 1,86,57,864 |

### 1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ത്)

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകൾ | | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | A-C |
| വികസനഫണ്ട് (ജനറൽ) | 14790000 | 13607400 | 14771709 | 18291 |
| വികസനഫണ്ട് (എസ്.സി.പി) | 9892500 | 8984000 | 7772259 | 2120241 |
| വികസനഫണ്ട് (ടി.എസ്.പി) | 229600 | 204000 | 50000 | 179600 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 6126842 | 6126842 | 1499282 | 4627560* |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3182272 | 3182272 | 1287367 | 1894905* |
| സംരക്ഷണ ഫണ്ട്-റോഡ് | 10572885 | 23922000 | 7361076 | 3211809 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 6812475 | 6376404 | 3694884 | 3117591 |

*ലാപ്സാകുന്നില്ല

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കിലെ അപാകതകൾ

| ഗ്രാന്റിനം | സർക്കാർ ഉത്തരവ് | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് | ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത |
|---|---|---|---|

| | പ്രകാരമുള്ള അലോട്ട് മെന്റ് തുക | പ്രകാരമുള്ള വരവ് ചെലവുകൾ | | |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| വികസനഫണ്ട് (ജനറൽ) | 14790000 | 13607400 | 14771709 | 1182600 (സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വരവിൽ എടുത്തിട്ടില്ല) |
| വികസനഫണ്ട് (എസ്.സി.പി) | 9892500 | 8984000 | 7772259 | 908500 (GO(Rt) 2617/22/Fin Date 31.03.22- പ്രകാരം അനുവദിച്ചത് വരവിൽ എടുത്തിട്ടില്ല) |
| വികസനഫണ്ട് (ടി.എസ്.പി) | 229600 | 204000 | 50000 | 25600 (GO(Rt) 2617/22/Fin Date 31.03.22- പ്രകാരം അനുവദിച്ചത് വരവിൽ എടുത്തിട്ടില്ല) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 6126842 | 6126842 | 1499282 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3182272 | 3182272 | 1287367 | |
| സംരക്ഷണ ഫണ്ട്-റോഡ് | 10572885 | 23922000 * | 7361076 | 54885 (GO(Rt) 2617/22/Fin Date 31.03.22- പ്രകാരം അനുവദിച്ചത് വരവിൽ എടുത്തിട്ടില്ല) |
| സംരക്ഷണ ഫണ്ട് -റോഡിതരം | 6812475 | 6376404 | 3694884 | 436071 GO(Rt) 2617/22/Fin Date 31.03.22- പ്രകാരം അനുവദിച്ചത് വരവിൽ എടുത്തിട്ടില്ല) |

* 26.02.2022-ൽ GO(Rt.) 1345/22 പ്രകാരം 3-ാം അലോട്ട്മെന്റ് പ്രകാരം തുക അനുവദിച്ചപ്പോൾ 1340400രൂപ സംരക്ഷണഗ്രാന്റ് (റോഡ്)- ഇനത്തിൽ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിരുന്നു. എന്നാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുക ആകെ വരവിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഫണ്ട് | 2900071 | 241621 | 3141692 | 714523 | 2427169 |
| ലൈബ്രറി ഗ്രാന്റ് | 500 | 11949 | 12449 | 11640 | 809 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ** | 1541 | 14749705 | 14751246 | 14750763 | 483 |
| ഐ.സി.ഡി.എസ്. | 612816 | 645832 | 1258648 | 1221328 | 37320 |
| പൈക | 123097 | 3576 | 126673 | 0 | 126673 |

** GIS Survey-ക്കായി നിയോഗിച്ച MGNREGS-ലെ എന്യൂമറേറ്റർമാർക്ക് നൽകുന്നതിനായി സംസ്ഥാന ഫണ്ടിൽ നിന്നും 50597/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുക വന്നത് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെയാണ്. വിതരണം ചെയ്ത തുകയിൽ 2475/-രൂപ എന്യൂമറേറ്റർമാരിൽ ഒരാളുടെ അക്കൗണ്ട് തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ തിരികെ വന്നിട്ടുണ്ട്. പ്രസ്തുത തുകകൂടി ഉൾപ്പെടുത്തിയാണ് MGNREGS-ന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക 2958/- രൂപയായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 160 | 10,73,56,062 | 113 | 45086975 | 47 | 42% |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| *നിർവ്വഹണോദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 16 | 9554346 | 6985585 | 73% |
| അസി.സെക്രട്ടറി | 6 | 6 | 1637850 | 1546484 | 94% |

| | | | | | |
|---|---|---|---|---|---|
| അസി.എഞ്ചിനീയർ | 65 | 39 | 27573446 | 13094921 | 48% |
| കൃഷി ഓഫീസർ | 6 | 6 | 2786666 | 2786666 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 19 | 52759531 | 11814515 | 22% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 10 | 5281863 | 4112535 | 78% |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 5 | 4 | 2358310 | 1397630 | 59% |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 800000 | 800000 | 100% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100% |
| വെറ്ററിനറി സർജൻ | 5 | 4 | 1800000 | 526967 | 29% |
| ഹെഡ്മിസ്ട്രസ്,ജി.എം.യു.പി.എസ്. | 5 | 3 | 1165650 | 1095000 | 94% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1060000 | 760000 | 72% |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 478400 | 66672 | 14% |
| ആകെ | 160 | 113 | 107356062 | 45186828 | 42% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1541 | 396639 | 398180 | 397697 | 483 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 14353066 | 14353066 | 14353066 | |
| ആകെ | 1541 | 14749705 | 14751246 | 14750763 | 483 |

GIS Survey-ക്കായി നിയോഗിച്ച MGNREGS-ലെ എന്യുമറേറ്റർമാർക്ക് നൽകുന്നതിനായി സംസ്ഥാന ഫണ്ടിൽ നിന്നും 50597/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുക വന്നത് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെയാണ്. വിതരണം ചെയ്ത തുകയിൽ 2475/-രൂപ എന്യുമറേറ്റർമാരിൽ ഒരാളുടെ അക്കൗണ്ട് തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ തിരികെ വന്നിട്ടുണ്ട്. പ്രസ്തുത തുകകൂടി ഉൾപ്പെടുത്തിയാണ് MGNREGS-ന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക 2958/- രൂപയായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്നത്.

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2202100 | 141 |
| വിധവാപെൻഷൻ | 14726200 | 1013 |
| വാർദ്ധക്യകാല പെൻഷൻ | 35370900 | 2579 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4509400 | 303 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 357000 | 27 |
| തൊഴിൽരഹിത വേതനം | 5040 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2022-ാം തീയതി 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 33,092/-രൂപ (മുപ്പത്തി മൂവായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തകരമാണ്. എങ്കിലും ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് രസീതു ബുക്കുകൾ സാമ്പത്തിക വർഷാവസാനം നിർവ്വഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല.

2. ക്യാൻസൽ ചെയ്ത സാംഖ്യ രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതുവരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.വിവരാവകാശ നിയമം 2005 ൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുമ്പോൾ പൂർത്തീകരണ തീയതി രേഖപ്പെടുത്തി കരാർ വെക്കേണ്ടതും സെന്റേജ് ചാർജ് ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതുമാണ്.

5. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തി സാക്ഷ്യപത്രം നൽകേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2012 | 2007-08 മുതൽ 2011-12 വരെ | 19.02.2013 |
| പെർഫോമൻസ് ഓഡിറ്റ് | 22.6.22-23.6.22 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 തൊഴിൽനികുതി പിരിവ്-അപാകങ്ങൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, വരയന്നൂർ | I&II |
| 2 | കൃഷി ഭവൻ, കോയിപ്രം | I |
| 3 | ജെ.എം.ജെ.ഫിനാൻസ്, കുമ്പനാട് | I&II |
| 4 | കളമ്പാട്ട് ഗോൾഡ് ലോൺ, പുല്ലാട് | I&II |
| 5 | കെ.എൽ.എം. ആക്സീവ ഫിൻവെസ്റ്റ് , പുല്ലാട് | I |
| 6 | റേഷൻ കടകൾ | I&II |
| 7 | പൂവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | I&II |
| 8 | കുമ്പനാട് ക്ഷീരോല്പാദക സഹകരണ സംഘം | I&II |
| 9 | അക്ഷയ കേന്ദ്രങ്ങൾ | I&II |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/16.08.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിലെ

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , കോയിപ്രം | I&II |
| 2 | ഫെഡറൽ ബാങ്ക് , കുമ്പനാട് | I&II |
| 3 | കാത്തലിക്ക് സിറിയൻ ബാങ്ക് , കുമ്പനാട് | II |
| 4 | ജെ.എം.ജെ.ഫിനാൻസ് ,കുമ്പനാട് | I&II |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് , കുമ്പനാട് | I |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് , പുല്ലാട് | II |
| 7 | കളമ്പാട്ട് ഗോൾഡ് ലോൺ, പുല്ലാട് | I&II |
| 8 | പി.ആർഡി ഫിനാൻസിയേഴ്സ്, പുല്ലാട് | I |
| 9 | പി.ആർഡി ഫിനാൻസിയേഴ്സ്, പൂവത്തൂർ | I |
| 10 | പി.ആർഡി ഫിനാൻസിയേഴ്സ്, കുറവൻകുഴി | I |
| 11 | പി.ആർഡി ഫിനാൻസിയേഴ്സ്, കുമ്പനാട് | I |
| 12 | കാനറാ ബാങ്ക് , കുമ്പനാട് | I |
| 13 | സുസുകി ഷോ റൂം, പുല്ലാട് | I&II |
| 14 | ഫെഡറൽ ബാങ്ക് , പൂവത്തൂർ | II |
| 15 | മേമന ഫിനാൻസിയേഴ്സ് ,പുല്ലാട്, | I |
| 16 | പൂവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | I&II |
| 17 | കുമ്പനാട് ക്ഷീരോല്പാദക സഹകരണ സംഘം | I&II |
| 18 | അക്ഷയ കേന്ദ്രങ്ങൾ | I&II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 22/16.08.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയില്ല.

1. ബിജു തോമസ് ജോൺ

2. ബിജു മാത്യു

3. പ്രസാദ് ടി.എൻ

4. പി.എം.കബീർ

തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 24/16.08.22) മേല്പറഞ്ഞ കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത് .

1.റേഷൻ റീട്ടെയിൽ ഷോപ്പ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ

സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻറീട്ടെയിൽ ഷോപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 17 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

2. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 4 ക്ഷീരോല്പാദക സംഘങ്ങളിൽ പൂവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം, കുമ്പനാട് ക്ഷീരോല്പാദക സഹകരണ സംഘം എന്നിവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ടി ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.അക്ഷയ കേന്ദ്രങ്ങൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 അക്ഷയകേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനും മാർക്കറ്റ് ലേലത്തിന് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16.08.2022) മറുപടി ലഭ്യമാക്കിയില്ല. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനും അതിനനുസൃതമായി വാടക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ.

എ) കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കി നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക്/ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെയുള്ള കെട്ടിടം. | 35 |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിലുള്ള കെട്ടിടം. | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. മുകളിലുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവ | 70 |

| ക്രമ നം | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/ച.മീ) | നിർണ്ണയിക്കേണ്ട നികുതി (₹/ച.മീ.) |
|---|---|---|---|---|---|
| 1 | എൻ.സി.ബാബു,നീരുവിലായിൽ, കുമ്പനാട്. | 1/51,54,55 1/56 | 28+28+28+28 | 35 | 50 |
| 2 | മനോജ് പി ജോൺ, വെള്ളിക്കരപുത്തൻമഠത്തിൽ,കുമ്പനാട് | 1/696 1/697 | 41.18 89.15 | 35 | 50 |
| 3 | ജസ്റ്റിൻ ഈശോ സാം, നിസ്സി കെ തോമസ്, മേലത്തേതിൽപുളിമൂട്ടിൽ, കുമ്പനാട്, (1/992 എന്ന താഴത്തെ നില (513m2) 70 രൂപ നികുതിയായി നിർണ്ണയിച്ചിട്ടുണ്ട്.) | 1/993 , 1/995 | 191.8 +160.68 | 50 | 70 |
| 4 | ജോൺ വർഗീസ്,അണ്ടത്തേത്ത്, മുട്ടുമൺ,കുമ്പനാട് പി ഒ | 2/437 2/450 | 100 +39.98 | 35 | 50 |
| 5 | ജോൺ വർഗീസ്, ജിൽമോൾ ജോൺ, അണ്ടത്തേത്ത്,മുട്ടുമൺ, കമ്പനാട്,കുമ്പനാട് പി ഒ | 2/899, 2/900 | 273.22+ 381.89 | 50 | 70 |
| 6 | പ്രസന്നകുമാരൻ, വിജയപുരം, പുല്ലാട്,പുല്ലാട് പി ഒ | 5/911-914 | 59.75 +49 +30+ 53.6 | 35 | 50 |
| 7 | പ്രദീപ്ഐശ്വര്യ,പുല്ലാട്,പുല്ലാട് പി ഒ, | 5/915-918 | 28.01 X 4 | 35 | 50 |
| 8 | എ കെ സദാശിവൻ നായർ / ലളിതാ,സുരഭി ഹൗസ്,പുല്ലാട് പി ഒ | 7/836 | 105.18 | 35 | 50 |
| 9 | സോമശേഖരൻ നായർ, കളംപാട്ട്,പുല്ലാട് | 7/1062,1063, 1106,1107 | 58.8 +113.11 +55 + 120 | 35 | 50 |
| 10 | അനിൽകുമാർ ജേക്കബ്, താനത്തോട്ടത്തിൽ,പുല്ലാട് പി ഒ | 7/1087-1090 | 26.25+26.25 +26.25+50.5 | 35 | 50 |
| 11 | രാജീവ് സോമൻ,പടിഞ്ഞാറ്റേതിലായ പാർവ്വതി സദനം,പുല്ലാട്. | 7/1092 | 152 | 35 | 50 |
| 12 | അജിത കെ, അരവിന്ദ് എസ്,അർച്ചനആനന്ദ്, പടിഞ്ഞാറ്റേതിൽ പാർവ്വതി സദനം വീട്,പുല്ലാട്, | 7/1221, 1221 A, 1227 | 30.9 + 31 +77.67 | 35 | 50 |
| 13 | മാത്യൂ മാത്യൂ,വാടാത്ത്, പുല്ലാട്,പുല്ലാട് പി ഒ. | 7/2002 | 210.12 | 50 | 70 |
| 14 | ഷാജു ഫിലിപ്പ്,ഊര്യേകുന്നത്ത്, പുല്ലാട്,പുല്ലാട് പി ഒ, | 7/178 C 178 E, F,G,D | 93.7+35.7+ 3x29.7 | 35 | 50 |
| 15 | ജോൺസൺ ജോർജ്ജ്, കുന്നപ്പുഴ,പുല്ലാട്,പുല്ലാട് പി ഒ, | 8/839-845 | 43.4 +45.7 +45.7+48 | 35 | 50 |

| | | | | | |
|---|---|---|---|---|---|
| | | | +40+41+35.45 | | |
| 16 | വി.ഐ ജോസഫ്,<br>വഞ്ചിപത്ര മലയിൽ,കടപ്ര കുമ്പനാട് | 12/815,815 A,816,817,<br>819,820,821 | 31+45+11+<br>58+16+21+26 | 35 | 50 |
| 17 | കുര്യൻ തോമസ്, സൂസി കുര്യൻ<br>ഐക്കര പെനിയേൽ,കുമ്പനാട് | 15/627-644 | 7+50+6+6+8<br>+14+14+31+8+6 | 35 | 50 |
| 18 | ചാക്കോ തോമസ് ,എലിയാസ് എ.സി തോമസ്,അണ്ടത്തേത്ത് മലയിൽ,കുമ്പനാട്,മുട്ടുമൺ പി ഒ | 15/1002,<br>1004 | 280+294 | 35 | 70 |
| 19 | എം.എസ്.തോമസ്,മാത്രയിൽ,<br>നാറാണത്ത്,പുല്ലാട്. | 15/1007,<br>1008 | 80+104 | 35 | 50 |
| 20 | പി ജെ തോമസ് , അന്നമ്മ തോമസ് , ജോസി പി.തോമസ്, പാറ്റ്സി ആൻ ജോസി,പാലംപറമ്പിൽ,പുല്ലാട്,കടപ്ര കുമ്പനാട് പി ഒ, | 15/1033,<br>1035,1036 | 302+<br>154+<br>302 | 50 | 70 |
| 21 | സാം മാത്യു ബെറ്റ്സി മാത്യു സൈമൺ,<br>ബെഥേൽ,പുത്തൻകാവ്, | 16/1073<br>A,B,C,D,E | 46+46+53<br>+53+53 | 35 | 50 |

B) വാണിജ്യ കെട്ടിടങ്ങളോട് ചേർന്ന് പാർപ്പിടം എന്ന വിനിയോഗത്തിലുള്ള കെട്ടിടങ്ങൾ

താഴെ പറയുന്ന കെട്ടിടങ്ങളുടെ താഴത്തെ നില വാണിജ്യമായും ഒന്നാം നില/രണ്ടാം നില എന്നിവ പാർപ്പിടം എന്ന വിഭാഗത്തിലും നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളിന്മേൽ പരിശോധന നടത്തി ഒന്നാം നില/രണ്ടാം നിലകളിലെ നിലവിലെ വിനിയോഗമായ പാർപ്പിടം എന്നതിൽ മാറ്റം വരുത്തി വാണിജ്യമയി ഉപയോഗിക്കുന്നുണ്ടോയെന്ന പരിശോധിച്ച് ഓഡിറ്റിനെ റിപ്പോർട്ടു നൽകേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ, ഒന്നാം നില /രണ്ടാം നില പാർപ്പിടം | ഉടമസ്ഥന്റെ വിലാസം | പ്ലിന്ത് ഏരിയ (M2) |
|---|---|---|---|
| 1 | 1/684<br>1/685 | ജോൺ മാത്യു,<br>മാവുനില്ക്കുന്നതിൽ<br>പാറത്തുണ്ടിയിൽ ,<br>കുമ്പനാട് പി ഒ | 81.51<br>81.51 |
| 2 | 1/711 | റ്റിറ്റോ റൈറ്റസ് ജോർജ്ജ് ,<br>ലീലാമ്മാടൈറ്റസ്,<br>പുളിയാടപ്പറമ്പിൽ,കുമ്പനാട് | 104.33 |
| 3 | 1/994<br>1/996<br>1/997<br>1/998<br>1/999<br>1/1003<br>1/1004<br>1/1005 | ജസ്റ്റിൻ ഈശോ സാം, നി സ്സി കെ തോമസ്,<br>മേലത്തേതിൽപുളിമൂട്ടിൽ,കുമ്പനാട്,<br>(ഇതിനോടൊപ്പമുള്ള 1/992 എന്ന കെട്ടിടം (513 ച.മീ.) സൂപ്പർമാർക്കറ്റ് ആയി പ്രവർത്തിക്കുന്നു.) | താഴത്തെ നില (160.68 ച മീ )<br>താഴത്തെ നില (116.28 ച മീ )<br>രണ്ടാം നില (116.28 ച മീ )<br>രണ്ടാം നില (116.28 ച മീ )<br>രണ്ടാം നില (116.28 ച മീ )<br>മൂന്നാം നില |

| | | | |
|---|---|---|---|
| | | | (116.28 ച മീ )<br>മൂന്നാം നില<br>(116.28 ച മീ )<br>മൂന്നാം നില<br>(116.28 ച മീ ) |
| 4 | 2/922<br>2/924 | സണ്ണി തോമസ്,<br>കടക്കേത്ത് പറമ്പിൽ,<br>പുല്ലാട്,പുല്ലാട് പി ഒ | ഒന്നാം നില<br>(110.83 ച മീ )<br>രണ്ടാം നില<br>(110.83 ച മീ ) |
| 5 | 7/1113 | സരസ്വതിയമ്മ,<br>കൃഷ്ണപുരത്ത്,<br>പുല്ലാട് പി ഒ, | ഒന്നാം നില<br>(209.81 ച മീ ) |
| 6 | 7/1169-1178 | ഉമ്മൻ കോശി, ജോളി കോശി,<br>തോളുപറമ്പിൽ,പുല്ലാട് | ഒന്നാം നില<br>-75<br>+75+50+50+<br>18+75.<br>രണ്ടാം നില<br>-50<br>+50+50+20 |
| 7 | 7/1212 | വി.പി.പ്രസന്നകുമാർ/രാധാമണിയമ്മ,<br>വിജയപുരം,പുല്ലാട്. | ഒന്നാം നില<br>(154 ച മീ ),<br>രണ്ടാം നില<br>(21 ച മീ ) |
| 8 | 9/1122 | എ.വി.ജോർജ്ജ്, എബനേസർ,<br>തൃക്കണ്ണാപുരം, പൂവത്തൂർ.പി.ഒ | ഒന്നാം നില<br>(60.76 ച മീ ) |
| 9 | 11/576 | അലക്സ് ഈപ്പൻ,കരിപ്പാച്ചേരിൽ,<br>നെല്ലിക്കൽ,കോയിപ്രം പി ഒ, | 169 |
| 10 | 12/1066 | അശ്വതി ആർ നായർ,<br>അശ്വതി ഭവൻ,<br>കോയിപ്രം പി ഒ, | ഒന്നാം നില<br>(51.98 ച മീ ) |
| 11 | 15/585-590 | സാറാമ്മാ വർഗ്ഗീസ്,<br>കോമാട്ട്,മുട്ടമൺ,<br>കുമ്പനാട് പി ഒ, | ഒന്നാം നില<br>-52.82 +<br>69+56<br>രണ്ടാം നില -<br>52.82 +<br>69+56 |
| 12 | 15/999,<br>1005 | ചാക്കോ തോമസ്,<br>എലിയാസ് എ.സി തോമസ്,<br>അണ്ടത്തോത്ത് മലയിൽ,<br>കുമ്പനാട്,മുട്ടുമൺ പി ഒ | രണ്ടാം നില<br>(147.23 ച മീ)<br>രണ്ടാം നില<br>(142.8 ച മീ) |
| 13 | 15/1009 | എം.എസ്.തോമസ്,<br>മാത്രയിൽ,<br>നാറാണത്ത്,പുല്ലാട്, | രണ്ടാം നില<br>(103.67 ച മീ ) |
| 14 | 15/1041,<br>1046, | പി ജെ തോമസ്,<br>അന്നമ്മ തോമസ്,<br>ജോസി പി തോമസ്, | രണ്ടാം നില<br>(130 ച മീ )<br>രണ്ടാം നില |

| | | | |
|---|---|---|---|
| | 1047,<br>1052 | പാറ്റ്സി തോമസ്,<br>പാലംപറമ്പിൽ, കടപ്ര,<br>കുമ്പനാട് പി ഒ | (73.53 ച മീ )<br>രണ്ടാം നില<br>(61 ച മീ )<br>രണ്ടാം നില<br>(123.68 ച മീ ) |
| 15 | 15/1042<br>1044 | ജോസി പി.തോമസ്,<br>പാലംപറമ്പിൽ,<br>പുല്ലാട് പി ഒ, | രണ്ടാം നില<br>(134.53 ച മീ )<br>രണ്ടാം നില<br>(123.68 ച മീ ) |
| 16 | 15/1090,<br>1091 | ആശിഷ് മാത്യു<br>(സിഡാർ,മുട്ടുമണ്,കുമ്പനാട് പി ഒ | ഒന്നാം നില<br>(103.883 ച മീ )<br>ഒന്നാം നില<br>(49.887 ച മീ ) |
| 17 | 16/1053-1062 | പി.വി.ഷാജി,<br>മേമന വീട്,<br>കുമ്പനാട് പി ഒ. | താഴത്തെ നില -130+165<br>ഒന്നാം നില - 165+165<br>രണ്ടാം നില - 165+165<br>മൂന്നാം നില - 165+165<br>നാലാം നില - 165+165 |

C) വാണിജ്യ കെട്ടിടങ്ങൾ , സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് 1.5 M ൽ താഴെയുള്ള റോഡിനരികിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 20 % നികുതിയിളവ് അനുവദിച്ചു .

സഞ്ചയ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും വാണിജ്യ കെട്ടിടങ്ങൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് 1.5 M ൽ താഴെയുള്ള റോഡിനരികിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 20 % നികുതിയിളവ് അനുവദിച്ചതായി കണ്ടു. 5 M ൽ കൂടുതൽ റോഡ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് (T.K റോഡിനരികിൽ) 1.5 M ൽ കൂടുതൽ റോഡ് എന്ന ഇനത്തിൽ ഉൾപ്പെടുത്തി 20% അടിസ്ഥാന നികുതിയിലുണ്ടാകേണ്ട വർദ്ധനവിൽ നിന്നും ഒഴിവാക്കിയും നൽകിയതായി കണ്ടു.അതേ പോലെ പ്രാഥമിക മേഖലയിലുള്ള കെട്ടിടങ്ങൾക്ക് (T.K റോഡിനരികിൽ) ദ്വിതീയം എന്ന മേഖലയിൽ ഉൾപ്പെടുത്തി 10% നികുതിയിളവും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ, വിനിയോഗം | ഉടമസ്ഥന്റെ വിലാസം | പ്ലിന്ത് ഏരിയ (M2) | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | 1/708<br>വാണിജ്യാ വശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | ജെസ്സി മാത്യു,<br>മംഗലപുരത്ത്,<br>കുമ്പനാട് പി ഒ.<br>(T.K റോഡ്) | താഴത്തെ നില<br>(174.88 ച മീ )<br>ഒന്നാം നില<br>(257.51 ച മീ ) | 432.39x70 =30267.3<br>(-)20% ത്രിതീയ മേഖല = 6053.46<br>(-) 10 % വഴി 1.5 M ൽ കുറവ് = 3026.73<br>അടിസ്ഥാന നികുതി = 21187 |

| | | | | |
|---|---|---|---|---|
| 2 | 1/695 | മനോജ് പി ജോൺ / മെറിനാ പി ജോൺ,<br>വെള്ളിക്കര-പുത്തൻമഠത്തിൽ, കുമ്പനാട് പി ഒ | താഴത്തെ നില (149.75 ച മീ ) | 149.75 X 50 = 7487.5 (T.K റോഡി നരികലുള്ള കെട്ടിടം-20% റോഡിന്റെ വീതി അനുസരിച്ചുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.) |
| 3 | 1/989 | ജോസ് പന്നിക്കോട്ട് ഏബ്രഹാം പന്നിക്കോട്ട് കുര്യാക്കോസ് പന്നിക്കോട്ട് | താഴത്തെ നില (52.36 ച മീ ) ഓഫീസ് കെട്ടിടം | 52.36x35 = 1832.6<br>(-)20% ത്രീതീയ മേഖല = 366.52<br>(-) 10 % വഴി 1.5 M ൽ കുറവ് = 183.26 അടിസ്ഥാന നികുതി =1283 |
| 4 | 10/825 | കുമാർ കെ എസ്(പരിയാരത്തു വീട്,കോയിപ്രം,കോയിപ്രം പി ഒ | താഴത്തെ നില (193 ച മീ )<br>ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 193x40 = 7720<br>(-)20% ത്രീതീയ മേഖല = 1544<br>(-) 10 % വഴി 1.5 M ൽ കുറവ് = 772<br>(-) 10% മേൽക്കൂര - 772 അടിസ്ഥാന നികുതി = 4632 |
| 5 | 15/1033 | പി ജെ തോമസ് ,ജോസി തോമസ്,അന്നമ്മ തോമസ്,,പാറ്റ്സി തോമസ്,<br>പാലംപറമ്പിൽ, കടപ്ര കുമ്പനാട് പി ഒ | താഴത്തെ നില (301.95 ച മീ ) | 301.95x50 = 15097.5 (-) 10% ത്രീതീയ മേഖല = 1509.75<br>=13588<br>(T.K റോഡി നരികലുള്ള കെട്ടിടം -20% റോഡിന്റെ |

| | | | | |
|---|---|---|---|---|
| | | | | വീതി അനു-സരിച്ചുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.) |
| 6 | 15/1036 | | ഒന്നാം നില (301.95 ച മീ ) | 301.95x50 = 15097.5<br>(-) 10% ത്രിതീയ മേഖല = 1509.75<br>=13588<br>(T.K റോഡി നരികലുള്ള കെട്ടിടം -20% റോഡിന്റെ വീതി അനു-സരിച്ചുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.) |

മേൽ അപാകതകളിന്മേൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/12.08.2022) മറുപടിയായി നികുതി പുന:നിർണ്ണയം നടത്തുമെന്നും വാണിജ്യ കെട്ടിടങ്ങളോട് ചേർന്ന പാർപ്പിടമായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ പരിശോധന നടത്തുമെന്നും സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച തുടർനടപടികളുടെ റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ 2,21,238/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു

മൊബൈൽ ടവറുകളുടെ 2021-22 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ 2,21,238/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 12/715 | മാനേജർ, ബി.എസ്.എൻ.എൽ, തിരുവല്ല. | 15533+777+1554 = 17864 | 2017-18 മുതൽ 2021-22 വരെ | 5x17864 = 89320 |
| 2 | 16/543 | | 3355+168+336=3859 | 2020-21 മുതൽ 2021-22 വരെ | 2x3859 =7718 |
| 3 | 17/208 | ജനറൽമാനേജർ(ബി എസ് എൻ എൽ തിരുവല്ല,കുമ്പനാട്,കുമ്പനാട് പി ഒ | 36000+1800+3600 =41400 | 2019-20 മുതൽ 2021-22 വരെ | 3x41400 =124200 |
| | | ആകെ | | | 2,21,238/- |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം.16/12.08.2022) നൽകിയതിനു മറുപടിയായി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കുടിശ്ശിക നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ച വാണിജ്യ കെട്ടിടത്തിനു നികുതി നിർണ്ണയിച്ചു നൽകി.

താഴെ പറയുന്ന കെട്ടിടത്തിനു നികുതി നിർണ്ണയിച്ച നമ്പർ നൽകിയതിലുള്ള അപേക്ഷ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ - കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ |
|---|---|---|
| ജോൺ വർഗീസ്, ജിൽമോൾ ജോൺ, അണ്ടത്തോത്ത്, കുമ്പനാട് പി.ഒ, പുല്ലാട്. വാണിജ്യം, പാർപ്പിടം | II/899,900 (വാണിജ്യം) - 293 M2 ,381.89m2<br>II/901-907 (പാർപ്പിടം) - 6 Nox54.09<br>ആകെ - 999.43 | Re Sy No.143/18-1 -6.04 ആർ' |

കാർ പാർക്കിംഗ് കാണിച്ചിട്ടുള്ള പിൻവശത്ത് വാണിജ്യ വിനിയോഗത്തിലുള്ള കെട്ടിടത്തിന്റെ ഭാഗം .

തിരുവല്ല-കുമ്പഴ സംസ്ഥാന പാതയോടു ചേർന്ന് നിലവിലുള്ള വാണിജ്യ കെട്ടിടത്തിനു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിക്കുന്നതിനായിരുന്നു 20.03.2021 ൽ അപേക്ഷ ലഭിച്ചിരുന്നത്. കെട്ടിടത്തിനു 18.09.2019 ൽ പെർമിറ്റ് നൽകിയിരുന്നു.(A3-BA(059520)/2019). തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ റജിലാൽ ആർ, ഓവർസിയർ 13.08.2021 ൽ പരിശോധന നടത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്തു. KPBR പാലിക്കുന്നു എന്ന റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് അധികൃതർ നികുതി നിർണ്ണയിക്കുകയും നിയമാനുസൃത നമ്പർ അനുവദിക്കുകയും ചെയ്തു.

കെട്ടിടത്തിനു പെർമിറ്റ് നൽകിയത് 2011 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ്. ആയത് പ്രകാരം കെട്ടിടത്തിനു ആവശ്യമായ കാർ പാർക്കിംഗ് ചുവടെ ചേർക്കുന്നു.

കാർപ്പറ്റ് ഏരിയ (GF+FF) = 524 ച.മീ.

റൂൾ 38 പ്രകാരം 524/75 = 7 കാർ പാർക്കിംഗ്

കാർപ്പറ്റ് ഏരിയ (പാർപ്പിടം) - 60 M2 ൽ താഴെയുള്ള 6 യൂണിറ്റ്

റൂൾ 38 പ്രകാരം ഓരോ മൂന്നു യൂണിറ്റുകൾക്കും ഒരു കാർ പാർക്കിംഗ് വച്ചു കണക്കാക്കുമ്പോൾ റസിഡൻഷ്യൽ യൂണിറ്റുകൾക്ക് 2 കാർ പാർക്കിംഗ് ആവശ്യമാണ്.

ആകെ വേണ്ട കാർ പാർക്കിംഗ് - 6+2 = 8

എന്നാൽ കാറ്റഗറി - II പഞ്ചായത്തിന് ആവശ്യമായ പാർക്കിംഗിന്റെ 75% വരെ മതിയാകുന്നതിനാൽ 6 കാർ പാർക്കിംഗ് ഈ കെട്ടിടത്തിനുണ്ടാകേണ്ടതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻ വശത്ത് 3 കാർ പാർക്കിംഗും പിൻവശത്ത് 3 കാർ പാർക്കിംഗും ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ പിൻവശത്ത് കാർ പാർക്കിംഗ് സൗകര്യം ലഭ്യമല്ല.

ഇപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 38 പാലിക്കാത്ത കെട്ടിടത്തിനു നികുതി നിർണ്ണയിച്ച നമ്പർ ഇട്ടു നൽകിയതിനു സാങ്കേതിക ശുപാർശ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.28/17.08.2022) യുടെ മറുപടിയായി നിലവിൽ പാർക്കിംഗ് ഏരിയ കെട്ടി മറച്ച് വാണിജ്യ വിനിയോഗത്തിനു ഉപയോഗിക്കുന്നതായി എഞ്ചിനീയറിംഗ് വിഭാഗം മറുപടി നൽകി. ആയത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമായതിനാൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച വാണിജ്യ കെട്ടിടത്തിനോടു ചേർന്ന് എക്സ്റ്റൻഷൻ കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകി

താഴെ പറയുന്ന കെട്ടിടത്തിനോടു ചേർന്ന് എക്സ്റ്റൻഷൻ കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകിയതിലുള്ള അപേക്ഷ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. പെർമിറ്റ് നമ്പർ A1(BA)-116162/2022 ; 04.04.2022

| ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ |
|---|---|---|
| N.G ബാലകൃഷ്ണൻ,മണക്കാട്ട് തോപ്പിൽ, ചങ്ങനാശ്ശേരി, വാഴപ്പള്ളി വെസ്റ്റ് P.O വാണിജ്യം | നിലവിലുള്ളത് -<br>GF(Commercial) -83.44<br>GF (Drive Away) -58.10<br>FF-141.54 | 05.30 ആർ'<br>സർവ്വെ നമ്പർ -261/4-1,<br>കോയിപ്രം വില്ലേജ്, ബ്ലോക്ക് 22 |

| | | |
|---|---|---|
| | SF-141.54<br>നിർദ്ദിഷ്ട കെട്ടിടം -<br>GF (Parking)-93.47<br>GF-40.86<br>FF-commercial-103.11<br>FF(Residential)-73.24<br>SF-176.35<br>ആകെ - 931.59 | |

A) കാർ പാർക്കിംഗ് കാണിച്ചിട്ടുള്ള പിൻവശത്തെ കെട്ടിടത്തിലേക്കുള്ള വഴി ലഭ്യമല്ല .

തിരുവല്ല-കുമ്പഴ സംസ്ഥാന പാതയോടു ചേർന്ന് നിലവിലുള്ള വാണിജ്യ കെട്ടിടത്തിനു എക്സ്റ്റൻഷൻ അനുവദിക്കുന്നതിനായിരുന്നു അപേക്ഷ ലഭിച്ചിരുന്നത്. കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ നിന്നും ആവശ്യമായ പാർക്കിംഗ് ഏരിയ ലഭ്യമാകാത്ത സൈറ്റിലാണ് ബഹുനില വാണിജ്യ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയിട്ടുള്ളതെന്നു കണ്ടു.

തിരുവല്ല-കുമ്പഴ സംസ്ഥാന പാതയിലെ പുല്ലാട് ജംഗ്ഷനിൽ നിന്നും 170 M പടിഞ്ഞാറോട്ട് മാറിയാണ് കെട്ടിടത്തിന്റെ സൈറ്റ് ഉള്ളത്. പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ 3.5 M വീതിയിൽ കെട്ടിടത്തിന്റെ പിൻവശത്തേക്ക് വാഹനങ്ങൾക്ക് പ്രവേശിക്കാനാവശ്യമായ ഡ്രൈവ് എവേ ഏരിയ ഉണ്ട് എന്നു കാണിച്ചിട്ടുണ്ട്. എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്ത് ഇപ്രകാരമുള്ള ഒരു വഴി ഉള്ളതായി കാണുന്നില്ല. ഈ ഭാഗം ഷട്ടറിട്ട് വാണിജ്യ കെട്ടിടമായാണ് ഉപയോഗിക്കുന്നത്.

നിർദ്ദിഷ്ട പ്ലാനിൽ കെട്ടിടത്തിന്റെ പിൻവശത്ത് മൂന്നു നില വാണിജ്യ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരുന്നു. ഇതിൽ താഴത്തെ നിലയിലാണ് 7 കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. ഡ്രൈവ് എവേ ഏരിയ ഇല്ലാതെ ഈ ഭാഗത്തേക്ക് വാഹനങ്ങൾക്ക് എത്താനാകില്ല എന്നിരിക്കെ ഇത്തരമൊരു പാർക്കിംഗ് പ്ലാനിനു അംഗീകാരം നൽകിയതിനു സൈറ്റ് പരിശോധന നടത്തിയ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് ചുവടെ ചേർക്കുന്നു.

ഫ്ലോർ ഏരിയ (വാണിജ്യം) GF = 141.54+ FF- 227.23 + SF- 315 = 683.77 M2

KPBR-2019 ,ചട്ടം 29 പ്രകാരം 683.77/90 =8 കാർ പാർക്കിംഗ്

ഫ്ലോർ ഏരിയ (പാർപ്പിടം) FF -73.24 M2 – 1 കാർ പാർക്കിംഗ്

ഇപ്രകാരം ആകെ 9 കാർ പാർക്കിംഗ് മേൽ വാണിജ്യ കെട്ടിടത്തിനുണ്ടാകേണ്ടതാണ്. ഡ്രൈവ് എവേ ഏരിയ ഇല്ലാത്തതിനാൽ പിൻവശത്ത് കാണിച്ചിട്ടുള്ള 7 കാർ പാർക്കിംഗ് ലഭിക്കില്ല.

B) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഏരിയ നിർണ്ണയിച്ചതിൽ കുറവ് .

അപേക്ഷകൻ സമർപ്പിച്ച പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഏരിയ 366.52 M2 ആണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 195 M2 ഏരിയ മാത്രമാണ് നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ളൂ. അധികമായ പ്ലാനിൽ കാണിച്ച 171.52 M2 കെട്ടിടം ടിയാൻ അനധികൃതമായി നിർമ്മിച്ചതാണോ എന്നു പരിശോധിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഏരിയ – പ്ലാൻ പ്രകാരം (M2) | ഏരിയ – സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം (M2) | വ്യത്യാസം (M2) |
|---|---|---|---|
| 07/626 -GF | GF(Commercial) -83.44<br>GF (Drive Away) -58.10 | 45 | 96.54 |
| 07/687 -FF | FF-141.54 | 60 | 81.54 |
| 07/834 -SF | SF-141.54 | 45 | 96.54 |
| 07/627 (To Be Demolished) | രേഖപ്പെടുത്തിയിട്ടില്ല | 45 | |
| ആകെ | | | 274.62 |

ഇപ്രകാരം 274.62 M2 ഏരിയ കെട്ടിടം നിർമ്മിച്ചതിന്റെ നികുതി പഞ്ചായത്തിൽ നിന്നും നിർണ്ണയിച്ചി

ട്ടില്ലാത്തതിനാൽ ഇവ അനധികൃതമായി നിർമ്മിച്ചതാണ് എന്ന കരുതുന്നു. ഇപ്രകാരം അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന്റെ പിൻ ഭാഗത്ത് എക്സ്റ്റൻഷൻ കെട്ടിടം അനുവദിച്ചത് ക്രമവിരുദ്ധമാണ്.

പെർമിറ്റ് സംബന്ധിച്ച അപാകതകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറും സഞ്ചയ സോഫ്റ്റ്‌വെയർ സംബന്ധിച്ച പരാമർശങ്ങൾക്ക് സെക്രട്ടറിയും ഓഡിറ്റിന വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.27/17.08.2022) നൽകിയിരുന്നു. ഷട്ടറിട്ട പിൻവശത്തേക്കുള്ള പാത വഴിയായിട്ടാണ് ഉപയോഗിക്കുന്നതെന്ന അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ആയത് പരിശോധിക്കേണ്ടതും പാർക്കിംഗ് ഏരിയയിലേക്കുള്ള വഴിയിൽ മറ്റ തടസ്സങ്ങളില്ലാ എന്നുറപ്പാക്കേണ്ടതുമാണ്. അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗമുണ്ടോ എന്ന സെക്രട്ടറി പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന റിപ്പോർട്ട നൽകേണ്ടതുമാണ്. കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുമ്പോൾ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണോ എന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പ വരുത്തേണ്ടതും അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ഡിപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നതായി കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡിപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2020-21-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-19-ൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും കാലാവധി കഴിഞ്ഞ ഡിപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| ഡെപ്പോസിറ്റ് ചെയ്ത വർഷം | ഇനം | തുക |
|---|---|---|
| 2015-16 | Cotractors EMD | 18,000 |
| 2016-17 | ” | 17,100 |
| 2015-16 | Supplier’s EMD | 5,000 |
| 2016-17 | ” | 34,350 |
| 2017-18 | ” | 4,500 |
| 2018-19 | ” | 33,589 |
| 2019-20 | ” | 28,400 |
| 2016-17 | Bidder’s EMD | 17,500 |
| 2017-18 | ” | 14,000 |
| 2019-20 | ” | 5,100 |
| 2014-15 | Cotractor’s Security Deposit | 1,950 |
| 2017-18 | Supplier’s Security Deposit | 3,843 |
| 2018-19 | Cotractor’s Retention | 13,920 |
| മുതൽ കൂട്ടേണ്ട ആകെ തുക | | ₹ 1,97,252 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലറിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ 3 വർഷം കാലാവധി തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റിക്കോർഡുകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഡിപ്പോസിറ്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് ക്യാരിഓവർ ചെയ്ത് ഡിപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുക ₹ 1,97,252/- തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ ഭരണസമിതി തീരുമാനമെടുക്കേണ്ടതും, ആയതു പ്രകാരം അടിയന്തിരമായി ടി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതുമാണ് .

## 1-19 എൻ.പി.എസ്. വിഹിതം പ്രാൺ അക്കൗണ്ടിലേക്ക് യഥാസമയം അടവാക്കുന്നില്ല

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ, ബാലൻസ്ഷീറ്റിലെ ബി-9 ഷെഡ്യൂൾ പ്രകാരം Recoveries Payable-Other Recoveries From Employess (Code 350200199) എന്ന ശീർഷകത്തിൽ രണ്ടുപേരുടെ എൻ.പി.എസ്. വിഹിതം പ്രാൺ അക്കൗണ്ടിൽ അടവാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് വിവരം | NPS അടവാക്കാത്ത കാലയളവ് | തുക |
|---|---|---|
| ശ്രീ. അലക്സ് (ഓഫീസ് അറ്റൻഡന്റ് ) | 1/2020 -8/2020 | 13899 |
| ശ്രീമതി ശ്രീജ കെ.ആർ. (ഓഫീസ് അറ്റൻഡന്റ് ) | 03/2016 - 7/2016 | 7522 |

01/04/2013-നോ അതിനു ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് ധനകാര്യ വകുപ്പിന്റെ സ.ഉ(പി)നം.20/2013/ധന. പ്രകാരം 07.01.2013 -ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തിക്കൊണ്ടും ട്രസ്റ്റി ബാങ്ക് വഴി ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ സുഗമമാക്കുന്നതിനായി സംസ്ഥാനത്തെ എൻ.പി.എസ് ഇടപാടുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട അക്കൗണ്ടിംഗ് നടപടിക്രമങ്ങളെപ്പറ്റിയും 19.12.2013-ലെ സ.ഉ(പി)നം.622/2013/ധന. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ ഓൺലൈൻ പ്രാൺ ജനറേഷൻ മൊഡ്യൂൾ (OPGM) മുഖേന നടപ്പിലാക്കിയ ശേഷവും വിവിധ വകുപ്പുകളിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ 30 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാതിരിക്കുന്നതും വിവിധ വകുപ്പുകൾ തങ്ങളുടെ ജീവനക്കാരുടെ ശമ്പള ബില്ല് സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കാത്തതു മൂലം ശമ്പള മാസത്തിന്റെ ആദ്യ 7 ദിവസത്തിനുള്ളിൽ ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ലഭിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം പ്രാൺ അക്കൗണ്ടിൽ സമാഹരിക്കപ്പെടുന്ന തുകയെയും തത്ഫലമായി ലഭിക്കേണ്ടുന്ന പെൻഷൻ തുകയെയും പ്രതികൂലമായി ബാധിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ സമയബന്ധിതമായി ജീവനക്കാരന് പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ലഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 15(b)(i)-ൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സമയബന്ധിതമായി ശമ്പള ബില്ല് ഡി.ഡി.ഒ-മാർ ട്രഷറിയിൽ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ട്രഷറി ഓഫീസർ ബിൽ പാസ്സാക്കിയ ശേഷം ജീവനക്കാരന്റെ എൻ.പി.എസ് വ്യക്തിഗത വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് തൊട്ടടുത്ത ദിവസം തന്നെ അടവാക്കേണ്ടതുമാണ്. സമയബന്ധിതമായി എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നതു മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(ഡി.ഡി.ഒ) ഉത്തരവാദികളായിരിക്കുന്നതാണെന്ന് 03.03.2022-ലെ ധനകാര്യ(എൻപിഎസ്) വകുപ്പിന്റെ സർക്കുലർ നം. 15/2022-ലെ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

പങ്കാളിത്ത പെൻഷൻകാരുടെ പെൻഷൻ വിഹിതം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പരാമർശിച്ചിട്ടുള്ള ജീവനക്കാരുടെ എൻ.പി.എസ് വിഹിതം അടവാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല-വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 16.98 ലക്ഷം രൂപ അടവാക്കുന്നു

ഗ്രാമപഞ്ചായത്ത് 308 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ടാപ്പൊന്നിന് 5512.5 രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും ഓരോ മാസവും 1,41,500 രൂപ ഒടുക്കി വരുന്നുണ്ട്. ഈയിനത്തിലുള്ള 2021-22 വർഷത്തെ ആകെ ചെലവ് 16,98,000/- രൂപയാണ്. പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യതയും പ്രവർത്തനക്ഷമമല്ലാത്തവയുടെ എണ്ണവും ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് പഞ്ചായത്ത് അടവാക്കുന്നതെന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധ) നം. 1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ

ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗരേഖ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഫലപ്രദമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിലുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും ഗ്രാമപഞ്ചായത്ത് പ്രാധാന്യത്തോടെ കാണുകയോ അതിനനുസരിച്ചുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 3/ 06.08.2022) നൽകിയ മറുപടിയിൽ വ്യക്തമാണ്. വാട്ടർ അതോറിറ്റിയുമായി നടത്തേണ്ട സംയുക്ത പരിശോധനയ്ക്ക് മുൻപ് വാർഡ് തലത്തിൽ തയ്യാറാക്കേണ്ട പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ, അവയുടെ ലൊക്കേഷൻ, നിർത്തലാക്കേണ്ട ടാപ്പുകളുടെ വിവരം എന്നിവ ശേഖരിച്ചിട്ടില്ല. വാർഡ് ജനപ്രതിനിധികൾ ഈ വിഷയത്തിൽ വേണ്ട തുടർനടപടി സ്വീകരിക്കേണ്ടതും സംയുക്ത പരിശോധനയ്ക്ക് മുൻപ് വാർഡ് അടിസ്ഥാനത്തിൽ ഇപ്രകാരം ഒരു കണക്ക് ശേഖരിക്കേണ്ടതുമാണ്. ഭരണസമിതി ഈ വിഷയം സഗൗരവം ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനാൽ പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായെന്ന് ഉറപ്പാക്കിയതിനു ശേഷം പൊതു ടാപ്പ് പൂർണ്ണമായും നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## 1-21 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. അൺ-മീറ്റേർഡ് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 16,11,452 രൂപയാണ് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഒടുക്കിയത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് അൺ മീറ്റേർഡ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചത്. 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ആകെ തുകയുടെ 50% തുക ഗ്രാമപഞ്ചായത്തുകൾ കെ.എസ്.ഇ.ബി.യിൽ അടവാക്കിയാൽ മതിയായിരുന്നു. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം വന്നിട്ട് കാലങ്ങളായിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്. ജില്ലയിലെ ഒട്ടുമിക്ക പഞ്ചായത്തുകളും മീറ്ററിംഗ് സംവിധാനത്തിലേയ്ക്ക് മാറി കഴിഞ്ഞു. ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾക്ക് പൂർണ്ണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയതിനാൽ വൈദ്യുതി ചാർജ് ഇനത്തിൽ അവരുടെ വാർഷിക ചെലവ് 5,82,748 രൂപ മാത്രമാണ്.

ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി.-യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതിന്റെ വിവരം, മീറ്റർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുവാനും അൺ-മീറ്റേർഡ് തെരുവ് വിളക്കുകളുടെ വൈദ്യുത ഉപഭോഗം സംബന്ധിച്ച് വൈദ്യുതബോർഡ് നൽകിയ താരിഫ് കാർഡ് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 03/05.08.2022) മറുപടി ലഭ്യമാക്കിയില്ല.

കഴിഞ്ഞ 3 വർഷത്തെ തെരുവ് വിളക്കുകളുടെ വാങ്ങൽ പരിശോധിച്ചതിൽ നിന്നും എൽ.ഇ.ഡി.ലൈറ്റുകൾ മാത്രമേ പഞ്ചായത്ത് വാങ്ങിയിട്ടുള്ളൂ. നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുമുണ്ട്. നിലവിൽ പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും വളരെ കുറഞ്ഞ വൈദ്യുതി ഉപഭോഗം മാത്രമുള്ള എൽ.ഇ.ഡി.ലൈറ്റുകൾ മാത്രമേ നിലവിലുള്ളൂ. വൈദ്യുതി ഉപഭോഗം വളരെ കൂടുതലായ ഇൻകാൻഡസന്റ് ബൾബുകൾ,സോഡിയം വേപ്പർ ലാംപുകൾ,സി.എഫ്.എൽ എന്നിവയുടെ ചാർജ് കണക്കാക്കിയുള്ള താരിഫ് ആണോ നിലവിലും കെ.എസ്.ഇ.ബി.ഡിമാന്റ് ചെയ്യുന്നതെന്ന് അറിയുവാൻ കെ.എസ്.ഇ.ബി.യുടെ താരിഫ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല.
ഊർജ ഉപഭോഗം വളരെ കുറവായ എൽ.ഇ.ഡി ലൈറ്റുകളുടെ താരിഫ് ഉൾപ്പെടുത്തി അൺ-മീറ്റേർഡ് തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജിൽ കുറവ് വരുത്തുവാൻ കെ.എസ്.ഇ.ബിക്ക് കത്തു നൽകിയിട്ടില്ല. എൽ.ഇ.ഡി.ലൈറ്റുകളും നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. സ്ഥാപിച്ച എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകളും ഏതെല്ലാം വാർഡുകളിലാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുന്ന പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വാർഡ് തിരിച്ചുള്ള തെരുവ് വിളക്ക്

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും വൈദ്യുതി ചാർജ്ജ് ന്യായ യുക്തമാണെന്നും ഉറപ്പവരുത്തേണ്ട ഉത്തരവാദിത്വം ചെലവ് നടത്തുന്ന ഉദ്യോഗസ്ഥനാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും മീറ്റർ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ തുക ചെലവാകുന്ന സാഹചര്യത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. അതു വരെ, ഒരു സംയുക്ത പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി തെരുവ് വിളക്കുളുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനും എൽ.ഇ.ഡി ലൈറ്റുകളുടെ മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്റർ ചെയ്ത് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി വിഷയം സഗൗരവം ചർച്ചചെയ്ത് അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും(പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ്) 1,26,343/- രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ ചെലവിൽ 26490/-രൂപയുടെ ചെലവുകൾ മാത്രമാണ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവ് രേഖപ്പെടുത്താത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. & പേര് | വകയിരുത്തിയ തുക | ചെലവായ തുക |
|---|---|---|
| 156/21-22 ,ടോയ് ലറ്റ് പുനരുദ്ധാരണം (എസ്.സി.പി) | 81100 | 75000 |
| 157/21-22 ,ടോയ് ലറ്റ് പുനരുദ്ധാരണം (റ്റി.എസ്.പി) | 31525 | 15000 |
| 163/21-22, ഹരിത കർമ്മസേനയ്ക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ | 10013 | 9853 |
| ആകെ | | 99853/- |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളുടെ ചെലവ്, സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 7/08.08.22) നൽകിയ മറുപടിയിൽ പദ്ധതി ആദ്യം വിഭാവനം ചെയ്ത അവസരത്തിൽ സംസ്ഥാനാവിഷ്കൃത ഫണ്ടായിട്ടാണ് ഡി.പി.സി.യിൽ നിന്നും അംഗീകാരം വാങ്ങിയിരുന്നതെന്നും പിന്നീടാണ് പദ്ധതിയ്ക്കായി കേന്ദ്രാവിഷ്കൃതഫണ്ട് വകയിരുത്തിയതെന്നും സുലേഖ ചെലവ് പത്രികയിൽ ഇത് പ്രതിഫലിച്ചില്ലെന്നും അറിയിച്ചു. ചെലവ് പത്രികയിൽ ഈ ചെലവ് ചേർക്കുന്നതിനാവശ്യമായ സാങ്കേതിക സഹായത്തിന് ഐ.കെ.എം.-ന് കത്ത് നൽകിയിരുന്നതായും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനു ശേഷം, സുലേഖ ചെലവ് പത്രികയിൽ മുഴുവൻ ചെലവുകളും ഉൾപ്പെടുത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല

2021-22 വർഷം ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിൽ എടുത്ത ചുവടെ ചേർക്കുന്ന തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

1) ഫയൽ നമ്പർ A3-3580/2021

ഗ്രാമപഞ്ചായത്ത് വാർഡ് 3 ൽ തടത്തിൽ കോളനിയോട് ചേർന്ന് പട്ടികജാതി ഫ്ളാറ്റിനു വേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലം സമീപവാസികൾ കയ്യേറ്റം ചെയ്തു വരികയാണെന്നും ഭൂമി അളന്ന് തിരിച്ച് കയ്യേറ്റം ഒഴിപ്പിക്കണമെന്നുള്ള വാർഡ് മെമ്പറുടെ കത്ത് ഭരണസമിതി പരിശോധിക്കുകയും സ്ഥലത്തിന്റെ അതിരുകൾ തിട്ടപ്പെടുത്തി നൽകുന്നതിന് തിരുവല്ല തഹസിൽദാർക്ക് കത്തയക്കുന്നതിന് 11.8.21 ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി 20(1)നമ്പർ പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായും സ്ഥലം അളന്ന് മതിൽ

കെട്ടി സംരക്ഷിച്ചിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ 18/15. 8.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ സ്ഥലം അളന്ന് മതിൽ കെട്ടി സംരക്ഷിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഫയൽ നമ്പർ -A5-5932/21

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടത്തിലെ 1-ാം നമ്പർ കടമുറി വാടകയ്ക്ക് എടുത്ത ശ്രീ.ജോർജ് ജോൺ,പുത്തൂർ ഹൗസ്,പുല്ലാട് പി.ഓ. എന്ന വ്യക്തി രണ്ട് വർഷക്കാലമായി വാടക അടവാക്കാത്തതിനാൽ കടമുറി തിരികെ ഏറ്റെടുക്കുവാനും കുടിശിക ഈടാക്കാൻ ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാനും 18.02.22ൽ ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി 6(1) നമ്പർ പ്രകാരം തീരുമാനമെടുത്തു.എന്നാൽ കുടിശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി സ്വീകരിച്ചില്ല.കുടിശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായി ഈ വിഷയം സംബന്ധിച്ച് നൽകിയ18/15.8.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കടമുറി തിരികെ ഏറ്റെടുക്കേണ്ടതും വാടക കുടിശിക ഈടാക്കേണ്ടതുമാണ്.

## 1-24 ഹരിതകർമ്മസേന പ്രവർത്തനം -അവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട 'ശുചിത്വമാലിന്യ സംസ്കരണം' എന്ന മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിലേക്കുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നം. 2420/2017ത.സ്വ.ഭ.വ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ പ്രവർത്തന സംവിധാനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തികൊണ്ടുപോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞതോതിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്കായി പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന സേവനത്തിനുള്ള ഫീസ് ഈടാക്കുവാനും പരിസ്ഥിതി മലിനപ്പെടുത്തവരിൽ നിന്ന് പിഴ ഈടാക്കുവാനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് തെരഞ്ഞെടുത്ത ഹരിതകർമ്മസേനയാണ്. കോയിപ്രം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചത് 2018-സെപ്റ്റംബറിലാണെങ്കിലും 2019 ഫെബ്രുവരിയിലാണ് പ്രവർത്തനം ആരംഭിച്ചത്. വീടുകളിൽ നിന്നും 50/- രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് ഈടാക്കുന്നത്. എല്ലാ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി യൂസർ ഫീ കിട്ടുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേനയിൽ വാർഡൊന്നിന് 2പേർ (വാർഡ് 17-ൽ മൂന്ന് പേർ) പ്രകാരം നിലവിൽ 35 പേരാണുള്ളത്. 1, 2, 6, 10, 15, 16, 17 വാർഡുകളിലെ ഹരിതകർമ്മ സേന പ്രവർത്തനം നാമമാത്രമാണ്. 17 വാർഡുകളുള്ളതിൽ ആകെ 15 വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. വാർഡ് 1, 5 എന്നിവിടങ്ങളിൽ മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ല. എം.സി.എഫ് പുല്ലാട് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തം ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കാൻ ഹരിത കർമ്മസേനാംഗങ്ങൾ പ്രയാസം നേരിടുന്നുണ്ട്. 30.03.2017-ൽ എം.സി.എഫ്-ൽ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് നിലവിൽ ഉപയോഗിക്കുന്നില്ല. എം.സി.എഫ് കെട്ടിടത്തിന് വൈദ്യുതി ലഭിച്ചിട്ടുണ്ടെങ്കിലും ലൈറ്റ്,ഫാൻ മുതലായവ പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് വേളയിലെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളും ഹരിതകർമ്മസേനാ മാലിന്യ നിർമ്മാർജന പദ്ധതിയിൽ അംഗമാകണമെന്ന് സ.ഉ നം. 1496/2020 ത.സ്വ.ഭ.വ തീയതി 12.08.20 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിൽ യൂസർ ഫീ ഇനത്തിൽ വീടുകളിൽ നിന്ന് 93,620/- രൂപയും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 1150/- രൂപയും മാത്രമാണ് ലഭിച്ചത്. ജൈവ, അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

മാലിന്യശേഖരണ സംസ്കരണത്തിനായുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളും മുഴുവൻ കടകളിലും വീടുകളിലും എത്തിച്ചിട്ടുള്ളതാണ്. ഇതിനായി 2020-21, 2021-22 വർഷങ്ങളിൽ [പ്രോജക്ട് നം.S0323/20-21- IEC- (Information Education & Communication), പ്രോജക്ട് നം. S0158/21-22-IEC-(Information Education & Communication)] പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും കടകളിലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും വിവിധങ്ങളായ മാലിന്യങ്ങളുടെ ശേഖരണത്തിനായി നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങളടങ്ങിയ ബ്രോഷറും കലണ്ടറുകളും വിതരണം ചെയ്തിട്ടുണ്ടെങ്കിലും ജനങ്ങൾ ഈ പ്രവർത്തനങ്ങളോട് ഇപ്പോഴും വിമുഖത കാണിക്കുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം സഗൗരവം കാണേണ്ടതും മുഴുവൻ ജനപ്രതിനിധികളുടെയും സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും പദ്ധതിയിൽ അംഗമാക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേന പ്രവർത്തകർ ഓരോ വീടും സ്ഥാപനവും സന്ദർശിച്ച് ഓരോയിടത്തും ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ-ജൈവ മാലിന്യത്തിന്റെ അളവ് ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തുകയും അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലളിതമായി മനസ്സിലാക്കി കൊടുക്കുകയും വേണം. അജൈവ മാലിന്യത്തിന്റെ ശേഖരണ, സംഭരണ, സംസ്കരണ, കൈമാറ്റരീതികൾ വിശദീകരിച്ച് കൊടുത്ത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളെയും വാണിജ്യ-വ്യാപാര സ്ഥപനങ്ങളെയും ഹരിതകർമ്മസേനാ പ്രവർത്തനങ്ങളോട് അടുപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭയിലും മറ്റും ജനങ്ങള ബോധവത്ക്കരിക്കുവാനും പദ്ധതിയിൽ അംഗങ്ങൾ ആക്കുവാനും ജനപ്രതിനിധികൾ ശ്രമിക്കണം.

2. ഏതെങ്കിലും സ്ഥാപനമോ വീടോ മലിനജലം/ ഖരമാലിന്യം അലസമായി പൊതുസ്ഥലത്തോ ജലശേഖരത്തിലോ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടിയെടുക്കേണ്ടക്കേണ്ടതും ശിക്ഷാ നടപടികളുടെ ഭാഗമായി പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്. ജൈവമാലിന്യം ജൈവവളമാക്കി മാറ്റി മികച്ച രീതിയിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം ൽകേണ്ടതാണ്.

3. മിനി എം.സി.എഫ്-ൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫ് ലേക്ക് മാറ്റുന്നതിന് ഹരിത കർമ്മസേനാംഗങ്ങൾക്ക് വാഹന സൗകര്യം യഥാസമയം ലഭ്യമാക്കേണ്ടതാണ്.

4. എം.സി.എഫ്-ന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഹരിതകർമ്മസേനാംഗങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ ജോലി ചെയ്യാൻ പറ്റുന്ന സാഹചര്യം ഒരുക്കി കൊടുക്കേണ്ടതാണ്.

5. ഹരിതകർമ്മസേനയുടെ വാർഡുതല പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും പ്രവർത്തനം നല്ലരീതിയിൽ നടത്തുന്നതിനും ജനപ്രതിനിധികളുടെ സജീവമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമായില്ല-തുക തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 69/2022 |
| പ്രൊജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/-( സാംഖ്യ ബിൽ നമ്പർ-227/2021-22,തീ.26.2.22) |

കോയിപ്രം ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1,00,000/-രൂപ ഹോംകോയുടെ അക്കൗണ്ടിലേക്ക് മേൽ സൂചിപ്പിച്ചപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.എന്നാൽ ഹോംകോയിൽ നിന്നുമുള്ള പ്രൊഫോർമ ഇൻവോയ്സ്,വകുപ്പിൽ നിന്നുമുള്ള,മരുന്നുകളുടെ നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.മേൽ രേഖകളും മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജി.എസ്.ടി.ഇൻവോയ്സും ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 10/ 8.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഫയൽ കാണാതായതിനാലാണ് രേഖകൾ പൂർണ്ണമായും ഓഡിറ്റിൽ ഹാജരാക്കാൻ സാധിക്കാത്തത് എന്നാണ് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയത്.പ്രൊഫോർമ ഇൻവോയ്സ്,നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും കൈപ്പറ്റി സ്റ്റോക്കിൽ ചേർത്ത് ജി.എസ്.ടി.ഇൻവോയ്സ് സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മേൽ രേഖകൾ ഹാജരാക്കുന്നതു വരെ 1,00,000/-രൂപ തടസപ്പെടുത്തുന്നു.

## 1-26 കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും പാലിയേറ്റീവ് കെയറിനും ആവശ്യമായ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

കോയിപ്രം കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി മരുന്ന് വാങ്ങുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും നാളിതുവരെയായും പൂർണ്ണമായും ലഭിച്ചിട്ടില്ല.

1) കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 43/2022 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,560/- (സാംഖ്യ ബിൽ നമ്പർ-150/ 2021-22, തീ.24.12.21, രൂ.4,00,000/-, സാംഖ്യ ബിൽ നമ്പർ-244/ 2021-22, തീ.08.3.22, രൂ.99560/-) |

പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PRF 2966/27.10.21 പ്രകാരം 4,00,000/-രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയതിൽ 3,76,480/-രൂപയുടെ മരുന്നുകൾ മാത്രമേ നാളിതു വരെ ലഭ്യമായിട്ടുള്ളൂ. 23,520/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പാലിയേറ്റീവ് മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 42/2022 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 3,53,310/-(പൊതു വിഭാഗം വികസന ഫണ്ട്)<br>5,00,000/-(ജില്ല പഞ്ചായത്ത് വിഹിതം)<br>3,00,000/-(ബ്ളോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 3,47,070/-(പൊതു വിഭാഗം വികസന ഫണ്ട്)<br>4,97,000/-(ജില്ല പഞ്ചായത്ത് വിഹിതം) |

പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നമ്പർ- PRF 4798/13.01.22 പ്രകാരം ജില്ല പഞ്ചായത്ത് വിഹിതം 4,97,000/-രൂപ (സാംഖ്യ ബിൽ നമ്പർ-199/09.02.22) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയതിൽ, ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരം 2,66,847/-രൂപയുടെ മരുന്നുകൾ മാത്രമേ നാളിതു വരെ ലഭ്യമായിട്ടുള്ളൂ. 2,30,153/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതു വരെ 2,53,673/-രൂപ (23520+230153) തടസപ്പെടുത്തുന്നു.

## 1-27 പാലിയേറ്റീവ് പരിചരണം-രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1) ഹോം കെയർ രജിസ്റ്റർ

സ.ഉ(സാധാ)നം.553/2019/ത.സ്വ.ഭ.വ., തീ.07.3.19 പ്രകാരമുള്ളതും 01.4.19 മുതൽ പ്രാബല്യത്തിൽ വന്നതുമായ പരിഷ്കരിച്ച പാലിയേറ്റീവ് മാർഗരേഖ ഖണ്ഡിക 2.6.3. പ്രകാരം അതാതു ദിവസത്തെ ഗൃഹ സന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. തുടങ്ങിയ സമയം,ഓരോ രോഗിയുടെയും വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗിയുടെ അവസ്ഥ, ചെയ്ത കാര്യങ്ങൾ, ആകെ കണ്ട രോഗികൾ, പുതിയവർ, ഫോളോ അപ്പ്, ഉച്ചഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീം അംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ ഈ ബുക്കിൽ രേഖപ്പെടുത്തണം. ഖണ്ഡിക 2.6.4. പ്രകാരം ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. കോയിപ്പുറം എഫ്.എച്ച്.സിയിലെ ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ പല പേജുകളിലും അപൂർണ്ണമായ രേഖപ്പെടുത്തലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ. പലയിടത്തും രോഗിയുടെ പേരു വിവരങ്ങളും രോഗവിവരങ്ങളും എഴുതാതെ പേജ് Blank ആയി ഇട്ടിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹോം കെയർ രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ സന്ദർശന വേളയിലും രോഗിയുടെ അവസ്ഥ, ചെയ്ത പരിചരണങ്ങൾ എന്നിവ ഹോം കെയർ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയെങ്കിൽ മാത്രമേ ചികിത്സയിലുള്ള പുരോഗതി അറിയുന്നതിനും തുടർന്നു നൽകേണ്ട മരുന്നുകൾ, ചെയ്യേണ്ട പരിചരണങ്ങൾ എന്നിവ സംബന്ധിച്ച് കൃത്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും സാധിക്കുകയുള്ളൂ. ആയതിനാൽ ഹോം കെയർ രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2) മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ

വിവിധ ഇൻവോയ്സുകൾ പ്രകാരം ഫാർമസിസ്റ്റ് സ്റ്റോക്കിലെടുക്കുന്ന പാലിയേറ്റീവ് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും അതേ തീയതിയിലോ തൊട്ടടുത്ത തീയതിയിലോ പാലിയേറ്റീവ് നഴസിന് കൈമാറുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ മിക്ക ദിവസവും മരുന്നുകൾ കൈപ്പറ്റിയതായി പാലിയേറ്റീവ് നഴ്സ് ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. പാലിയേറ്റീവ് മാർഗ രേഖ2019, ഖണ്ഡിക 2.7.2 പ്രകാരം,കൈപ്പറ്റിയ മരുന്നും ഉപകരണങ്ങളും സ്പെസിഫിക്കേഷൻ, ബാച്ച് നമ്പർ, കാലാവധി കഴിയുന്ന തീയതി എന്നിവ സഹിതം പാലിയേറ്റീവ് നഴ്സ് ഒരു സബ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയവ ഓരോ രോഗിക്കും വിതരണം ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമൊരു സബ് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയില്ല. പാലിയേറ്റീവ് നഴ്സ് ഫാർമസിസ്റ്റിൽ നിന്നും പാലിയേറ്റീവ് സാമഗ്രികൾ കൈപ്പറ്റുന്ന വേളയിൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പു രേഖപ്പെടുത്തേണ്ടതും സബ് സ്റ്റോക്ക് രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-28 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പൂർത്തീകരിച്ച് അതാത് നിർവ്വഹണ ഏജൻസികളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രവും ധന വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | നിർവ്വഹണ ഏജൻസി | അടങ്കൽ | നിക്ഷേപിച്ച തുക/ബിൽ നമ്പരും തീയതിയും |
|---|---|---|---|---|---|---|
| 1 | 199/22 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ധനകാ ര്യ ക മ്മീഷൻ ബേസിക്ക് ഗ്രാന്റ് | കെ.എസ്.ഇ. ബി. | 2,78,000/- | 2,76,740/-(274 /19.3.22,രൂ.96537/-, 318/30.3.22,രൂ.180203/-) |
| 2 | 209/22 | 10-ാം വാർഡ് ചെള്ളേത്ത് പാറ പൊതു കിണറിൽ നിന്നും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ,പമ്പ് സെറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | വാട്ടർ അ തോറിറ്റി | 5,12,950/- | 5,12,950/-(297/30.3.22) |
| 3 | 210/22 | 14-ാം വാർഡ് മേപ്പറത്ത് കണ്ടം കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനും മോട്ടോർ,വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്ക ലും | ,, | | 5,12,950/- | 5,12,950/-(298/30.3.22) |
| | | | | | ആകെ | 13,02,640/- |

പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 സർക്കാർ നിർദ്ദേശമില്ലാതെ നഴ്സറി കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി അലവൻസ് നൽകി.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | SO 30/22, അന്താലിമൺ നഴ്സറി സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പരിപാടി. |
| വകയിരുത്തിയ തുക | വികസന ഫണ്ട് (SCP) - ₹50000 |
| ചെലവഴിച്ച തുക | ₹50000 |
| ബിൽ നമ്പർ /തീയതി | ₹8820 -BRN 99720/13.07.2021<br>₹24600 -BRN 24621/16.10.2021<br>₹10500 BRN 52262/28.12.2021<br>₹5700 BRN 38772/14.03.2022<br>₹380 BRN 67177/ 18.03.2022<br>ആകെ - ₹50000 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

അന്താലിമൺ നഴ്സറി സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പരിപാടി എന്ന പദ്ധതി 2021-22 ൽ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. 13- ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ (കൈ) 11/2018/തസ്വഭവ;29.01.2018 ) ഖണ്ഡിക 7.8.3 പ്രകാരം സർക്കാർ സ്കൂളുകളിലെ U.P വിഭാഗം വരെയുള്ള അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. അദ്ധ്യാപക രക്ഷകർതൃ സമിതിയുടെ ചുമതലയിലായിരിക്കണം പ്രഭാത ഭക്ഷണ പരിപാടി നടപ്പാക്കേണ്ടത്. ഉച്ചഭക്ഷണം വിതരണം നടത്തുന്നത് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്ന പദ്ധതിയാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഈ പദ്ധതിയിൽ നഴ്സറി സ്കൂളിൽ ഉച്ചഭക്ഷണ പരിപാടി എന്ന പേരിൽ പട്ടികജാതി വികസന വകുപ്പിന്റെ അലവൻസ് തുക നഴ്സറി വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നൽകുന്നതിനാണ് ഗ്രാമപഞ്ചായത്തിലെ വികസന ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നു കണ്ടു. ഇത് ഏത് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചതെന്നു വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/16.08.2022) അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. ഫയലിനോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തെ ഫീഡിംഗ് ചാർജ് ആയി 30 രൂപ പട്ടികജാതി വികസന ഓഫീസർ കണക്കാക്കിയിട്ടുണ്ട്. ഈ തുക വച്ച് ഒരു മാസത്തെ തുകയാണ് കുട്ടികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്. നഴ്സറി കുട്ടികൾക്ക് ഫീഡിംഗ് അലവൻസ് ഇനത്തിൽ വികസന ഫണ്ടിൽനിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ച ₹50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പദ്ധതി നിർവ്വഹണത്തിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തലത്തിൽ വിശദീകരണം തേടുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-30 സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി.

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും അധികമായി നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം,GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.08.2022) മറുപടിയായി കരാറുകാർക്കു നോട്ടീസ് നൽകുമെന്നും ഫോമുകൾ ഓഡിറ്റിനു ഹാജരാക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനു റിപ്പോർട്ടു നൽകേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1. | മാത്യു കെ ചാക്കോ,നിരവിൽ പുത്തൻവീട്, കുറുങ്ങഴ പി.ഒ,പത്തനംതിട്ട |
| 2 | അബ്രഹം M.J, മേമന , പുല്ലാട്. |
| 3 | ബിജു മാത്യു,കുറ്റിക്കാട്ട്,കടപ്ര P.O. |
| 4 | മാത്യു പി ജേക്കബ്, പുല്ലുകാലായിൽ, പുല്ലാട്. |
| 5 | C R വിജയൻ, ചീങ്കപ്പുരയിടത്തിൽ, പുല്ലാട്. |
| 6 | പ്രസാദ് റ്റി എൻ, കാവിൽ കിഴക്കേതിൽ കാർത്തിക, ഇടയാറന്മുള കിഴക്ക് P.O |
| 7 | ബിജു തോമസ്, പൂവത്തുംമൂട്ടിൽ, പുല്ലാട്, |
| 8 | P.M കബീർ. പുൽപ്രാച്ചാലിൽ, പേഴകപ്പള്ളി P.O, എറണാകുളം |
| 9 | സദാനന്ദൻ P.R, പോത്താലത്ത്, തെങ്ങേലി |
| 10 | അശ്വിൻ എബ്രഹാം മാത്യു, വടക്കേക്കുറ്റ്, കുറിയന്നൂർ P.O |

## 1-31 റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ഉപയോഗിച്ചത്-ബില്ലുകളിൽ അവ്യക്തത.

കേരള സർക്കാർ, ധനകാര്യ വകുപ്പിന്റെ ഉത്തരവ് (G.O.(P.)No.96/2016/Fin., Dtd. 15.07.2016) പ്രകാരം ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിരുന്നു. താഴെ പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയപ്പോൾ അവ്യക്തമായ ഫോട്ടോകോപ്പി/പ്രിന്റഡ് കോപ്പി ബില്ലുകളാണ് ഫയലിൽ ലഭ്യമായത്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം / പേര് | കരാറുകാരന്റെ പേര് , എം ബുക്ക് നമ്പർ | ബിറ്റുമിന്റെ അളവ് (Kg) എം ബുക്ക് പ്രകാരം | ബിൽ തുക, ബിൽ നമ്പർ / തീയതി | ബിറ്റുമിനു DSR പ്രകാരം നൽകിയ തുക (Kg*42.07) |
|---|---|---|---|---|---|
| 1 | 187/22, നെല്ലിമല കുരിശ്ശിനുട് ചെറുതിട്ട പടി റോഡ് റീടാറിംഗ്. | മാത്യു കെ ചാക്കോ, നിരവിൽ പുത്തൻവീട്, കുറുങ്ങഴ പി.ഒ,പത്തനംതിട്ട 205/21-22, | 2892 | ₹542818 314/30.03.2022 | 121666 |
| 2 | 66/22,അമ്പലത്തിങ്കൽ പ്പടി പീടികയിൽപ്പടി റോഡ് റീടാറിംഗ് | മാത്യു കെ ചാക്കോ, നിരവിൽ പുത്തൻവീട്, കുറുങ്ങഴ പി.ഒ,പത്തനംതിട്ട 205/21-22, | 2468 | ₹410032 281/24.03.22 | 103829 |
| 3 | 55/22, ഇരപ്പൻതോട് അഞ്ചുപുരയ്ക്കൽ റോഡ് റീടാറിംഗ് | അബ്രഹം M.J, മേമന , പുല്ലാട്. 219/21-22 | 2305 | ₹542352 284/24.03.2022 | 96971 |
| 4 | 62/22, നടുകോത്തുപടി വലിയകാലായിൽപ്പടി റോഡ് റീടാറിംഗ് | മാത്യു കെ ചാക്കോ, നിരവിൽ പുത്തൻവീട്, കുറുങ്ങഴ പി.ഒ,പത്തനംതിട്ട 203/21-22 | 2056 | ₹542249 313/30.03.2022 | 86496 |
| 5 | 146/21-22, വടക്കുംമൂട്ടിൽപ്പടി- കുന്നംകര റോഡ് റീടാറിംഗ് | മാത്യു കെ ചാക്കോ, നിരവിൽ പുത്തൻവീട്, കുറുങ്ങഴ പി.ഒ,പത്തനംതിട്ട 75/20-21 | 635 | ₹150000 82/07.10.2021 | 26714 |
| 6 | 90/22, ആരങ്ങാട്ടുപടി കല്ലുമാപടി മന്നത്തോടത്തു റോഡ് | ബിജു മാത്യു, കുറ്റിക്കാട്ട്, കടപ്ര P.O. 87/20-21 | 2340 | ₹610855 | 98444 |
| 7 | 56/22 , ആരങ്ങാട്ടുപടി കല്ലുമലപടി റോഡ് റീടാറിംഗ് | മാത്യു പി ജേക്കബ്, പുല്ലുകാലായിൽ, പുല്ലാട്. 136/21-22 | 1169 | ₹514758 224/24.02.2022 | 49180 |
| 8 | 60/22, നകത്തല കോളനി-കെന്നടി റോഡ് | C R വിജയൻ, ചീങ്കപ്പുരയിടത്തിൽ, പുല്ലാട്. 187/21-22 | 1934 | ₹543060 271/18.03.2022 | 81363 |
| 9 | 59/22,പുലരിക്കാട് വടക്കത്തറപ്പടി റോഡ് | പ്രസാദ് റ്റി എൻ, കാവിൽ കിഴക്കേതിൽ കാർത്തിക, ഇടയാറന്മുള കിഴക്ക് P.O | 1325 | ₹542668 308/30.03.2022 | 55743 |

| | | | | | |
|---|---|---|---|---|---|
| | | 231/21-22. | | | |
| 10 | 53/22, തെങ്ങുംതോട്ടത്തിൽപ്പടി -മലമ്പാറയ്ക്കൽ റോഡ് | പ്രസാദ് റ്റി എൻ,<br>കാവിൽ കിഴക്കേതിൽ കാർത്തിക, ഇടയാറന്മുള കിഴക്ക് P.O,<br>230/21-22 | 1940 | ₹538672<br>307/30.03.2022 | 81616 |
| 11 | 57/22, മുട്ടാള കോളനി ചൊട്ടിപ്പാറ മുളകുപറമ്പിൽ റോഡ് | C R വിജയൻ,<br>ചീങ്കപ്പുരയിടത്തിൽ, പുല്ലാട്.<br>222/21-22 | 1901 | ₹535237<br>300/30.03.2022 | 79975 |
| 12 | 82/22, പാറയിടയിൽ പ്പടി കല്ലുവെട്ടാംകുഴി റോഡ് | ബിജു തോമസ്,<br>പൂവത്തുംമൂട്ടിൽ, പുല്ലാട്, | 1088 | ₹355000<br>83/07.10.2021 | 45772 |
| 13 | 48/22, മുട്ടുമൺ CSI റോഡ് | മാത്യു പി ജേക്കബ്,<br>പുല്ലുകാലായിൽ, പുല്ലാട്.<br>245/21-22 | 1287 | ₹284375<br>310/30.03.2022 | 54144 |
| 14 | 50/22,പുരയിടത്തുകാവ്-കാഞ്ഞിരപ്പാറ് റോഡ് | മാത്യു കെ ചാക്കോ,<br>നിരവിൽ പുത്തൻവീട്,<br>കുറുങ്ങഴ പി.ഒ,പത്തനംതിട്ട<br>206/21-22 | 901 | ₹287316<br>309/30.03.2022 | 37905 |
| 15 | 189/22, ഭഗവതിക്കാവ് മലമ്പാറയ്ക്കൽ റോഡ് | പ്രസാദ് റ്റി എൻ,<br>കാവിൽ കിഴക്കേതിൽ കാർത്തിക, ഇടയാറന്മുള കിഴക്ക് P.O<br>232/21-22 | 784 | ₹299515<br>311/30.03.2022 | 32983 |
| 16 | 58/22,<br>കോലായിക്കരച്ചിറ CSI ചർച്ച് റോഡ് | P.M കബീർ.<br>പുൽപ്രാച്ചാലിൽ,<br>പേഴകപ്പള്ളി P.O,<br>എറണാകുളം<br>182/21-22 | 1564 | ₹517172<br>229/29.02.2022 | 65797 |

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.03.2021 ലെ DB6/6809/CE സർക്കുലർ പ്രകാരം നിലവിൽ ഇ-മെയിൽ മുഖേന ഇൻവോയിസുകൾ ലഭ്യമാകുന്നതിൽ ആധികാരികത ഉറപ്പാക്കാനാവാത്തതിനാൽ ഒരു പ്രവൃത്തിയ്ക്ക് ബിറ്റുമിനു വാങ്ങുന്നതിനു വേണ്ടി ഇൻഡന്റ് നൽകുമ്പോൾ അനുവദിച്ച കാര്യാലയത്തിലേക്കും ഇ-മെയിൽ മുഖേന 'ഈ ഇൻഡന്റ് മുഖേന നൽകുന്ന ടാറിന്റെ ബില്ലിന്റെ പകർപ്പ് നൽകണം' എന്ന പരാമർശം ഇൻഡന്റിൽ രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. ബില്ലുകളിൽ റഫറൻസായി ഇൻഡന്റ് നമ്പർ കൂടി രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഇ-മെയിൽ മുഖേന ഇൻവോയിസുകൾ BPCL തുടങ്ങിയ കമ്പനികളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തെളിവുകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (എൻക്വയറി നം.15/12.08.2022) അവ ലഭ്യമാക്കിയില്ല.

വകുപ്പ് തലത്തിൽ ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു ഇൻഡന്റ് നമ്പർ രേഖപ്പെടുത്തിയ ബില്ലുകൾ E-mail മുഖേന ലഭ്യമാക്കുന്നതിനു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ഫോട്ടോകോപ്പി / പ്രിന്റഡ് ബില്ലുകളിൽ ദുരുപയോഗം നടത്തുന്നതിന് സാധ്യതയുണ്ടാകുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 4/21-22- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 2,00,000 |
| | 2,00,000 | 5/21-22അനുപൂരക പോഷകാഹാര പരിപാടി അംഗൻവാടികൾക്ക് | 2,00,000 |
| | 6,40,000 | 175/21-22- ലൈഫ് ഭവന പദ്ധതി(എസ്.സി. അഡീഷണൽ ലിസ്റ്റ് ) | 6,40,000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 60,000 | 21/2021-22-ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 60,000 |
| | 2,00,000 | 4/2021-22- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 2,00,000 |
| | 2,00,000 | 5/21-22-അനുപൂരക പോഷകാഹാര പരിപാടി അംഗൻവാടികൾക്ക് | 2,00,000 |
| | 90,071 | 175/21-22-ലൈഫ് ഭവന പദ്ധതി (എസ്.സി. അഡീഷണൽ ലിസ്റ്റ് ) | 90,071 |
| | 2,60,000 | 176/21-22 ലൈഫ് ഭവന പദ്ധതി (റ്റി.എസ്.പി. അഡീഷണൽ ലിസ്റ്റ് ) | 2,60,000 |
| | 19,376 | 115- CFLTC-DCC കോവിഡ് 19 – കോവിഡ് പ്രതിരോധ പ്രവർത്തന ചെലവുകൾ | 19,376 |
| | 4,97,000 | 42/21-22 -പാലിയേറ്റീവ് പരിചരണം | 4,97,000 |
| | 19376 | 115/21-22 കോവിഡ് പ്രതിരോധപ്രവർത്തന ചെലവുകൾ- സി.എഫ്.എൽ.ടി.സി., ഡി.സി.സി. | 19376 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രൊജക്റ്റ് നമ്പരും പേരും | ബിൽ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 199/22-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 274/ 19.03.2022 | 96,537 | 0 | 96,537 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | | 318/ 30.03.2022 | 1,80,203 | 0 | 1,80,203 | |

| | | | | | | | |
|---|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 209/22-10-ാം വാർഡ് ചെള്ളേത്ത് പാറ പൊതു കിണറിൽ നിന്നും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ,പമ്പ് സെറ്റ് സ്ഥാപിക്കൽ | 299/ 29.03.2022 | 5,12,950 | 0 | 5,12,950 | ” |
| | 210/22-14-ാം വാർഡ് മേപ്പുറത്ത് കണ്ടം കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനും മോട്ടോർ,വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കലും | 300/ 29.03.2022 | 5,12,950 | 0 | 5,12,950 | ” |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തുക | 8952372 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 575771 |
| ആകെ | 9528143 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 9528143 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ട്രഷറി/ബാങ്ക്/പോസ്റ്റോഫീസ്) | തുക നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് (FD Number 40309200110282) | 17.6.2021 | 12 മാസം | 1907297 |
| 2 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് (FD Number- 40309200110284) | 29.6.2021 | 15 മാസം | 3549912 |
| 3 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number -42442) | 24.3.2022 | 12 മാസം | 502893 |
| 4 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number -17518) | 13.12.2021 | 12 മാസം | 3568041 |
| | ആകെ | | | 9528143 |

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി -അപാകത | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 9,98,66,142 |
| ആകെ ചെലവ് | 8,12,08,278 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 403673 രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1,00,000/- | ഡോ.മിനി ബി., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-26 | 2,53,673/- | ഡോ.വിമിത മുരളി,മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) |
| 1-29 | 50,000/- | ശ്രീ. ലിജു ജോൺ കെ.,അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. ലിജു ജോൺ കെ.,അസി.സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്,പെർഫോർമൻസ് ഓഡിറ്റ്,യൂണിറ്റ് 3,മല്ലപ്പള്ളി | കൊക്കപ്പള്ളിൽ, നെടുവാരംകോട്പി.ഓ., ചെങ്ങന്നൂർ |
| ഡോ.മിനി ബി., മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,കോയിപ്പുറം | ഗോപീകൃഷ്ണ, തടിയൂർ നോർത്ത്പി.ഓ., കരുനാഗപ്പള്ളി. |
| ഡോ.വിമിത മുരളി,മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി.,കോയിപ്പുറം | 3 സി, സ്കൈലൈൻ ഓഗസ്റ്റ അപ്പാർട്ട്മെന്റ്സ്, കുറ്റപ്പുഴ,തിരുവല്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം & റിപ്പോർട്ട് നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03(ചെലവ്)<br>എൽ.എഫ്.പിറ്റിഎ-പി5.702/2006<br>തീയതി 17.3.2007/15.12.2007 | അദാലത്ത് റിപ്പോർട്ട് നം. കെ.എസ്.എ.പിറ്റിഎ-പി1 -820(15)/2022തീയതി 19.9.2022 | 6<br>(2-6, 2-7, 2-8, 2-11, 2-12, 2-24)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2003-04<br>എൽ.എഫ്.പിറ്റിഎ-പി7.207/2009<br>തീയതി 27.2.2010/22.10.2011 | " | 7<br>(3-21, 3-22, 3-23, 3-24, 3-25, 3-26, 3-29)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2004-05<br>എൽ.എഫ്.പിറ്റിഎ-പി7.208/2009<br>തീയതി 15.2.2010/28.10.2011 | " | 3<br>(3-13, 3-14, 3-15)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2009-10<br>എൽ.എഫ്.പിറ്റിഎ-പി5.1100/2011<br>തീയതി 30.12.2012/3.4.2014 | " | 3<br>(3-5, 3-14, 3-15)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2010-11 & 2011-12<br>കെ.എസ്.എ.പിറ്റിഎ.പി3-801/2011<br>തീയതി 11.2.2014/8.8.2014 | " | 14<br>(3-1, 3-2, 3-3, 3-4, 3-5, 3-8, 3-13, 3-14, 3-17, 3-18, 3-19, 3-22, 3-23, 3-24) |
| 2012-13<br>കെ.എസ്.എ.പിറ്റിഎ പി8-276/2015<br>തീയതി 7.8.2015/10.8.15 | " | 1<br>(3-1)B 1 To 13 |
| 2013-14& 2014-15<br>കെ.എസ്.എ.പിറ്റിഎ.പി8-115/2016<br>തീയതി 6.2.2016 | " | 8<br>(2-1, 2-2, 2-5, 3-3, 3-10, 3-12, 3-15, 3-19) |
| 2015-16<br>കെ.എസ്.എ.പി.റ്റി.എ./പി 8/31/17<br>തീയതി 30.01.2017 | " | 5<br>(2-5, 3-3, 3-15, 3-18, 3-19) |

| | | |
|---|---|---|
| 2016-17<br>കെഎസ്എ.പിറ്റിഎ.പി8-<br>കെ.എസ്.എ.പി.റ്റി.എ.പി8-1039/2017<br>തീയതി 11.09.2017 | " | 5<br>(2-4, 3-5, 3-12, 3-14,<br>3-19) |
| 2017-18<br>കെഎസ്എ.പിറ്റിഎ.പി-3/1577/2018<br>തീയതി 5.1.2019 | " | 3<br>(2-14, 2-17, 3-7) |
| 2018-19<br>കെ.എസ്.എ.പിറ്റിഎ.പി13/931/2019<br>തീയതി 02.12.2019 | " | 6<br>(1-16, 1-17, 1-21, 1-22,<br>1-23, 1-24) |
| 2019-20<br>കെ.എസ്.എ.പി.ടി.എ.പി8 - 419/21<br>തീയതി 29.06.2021 | കെ.എസ്.എ.പി.റ്റി.എ. പി8-<br>863/2021 തീയതി<br>05.01.2022 | 6<br>(1-11, 1-12, 1-13, 1-14, 1-16,<br>1-17) |
| 2020-21<br>കെഎസ്എ.പിറ്റിഎ.പി8-476/22<br>തീയതി 23.05.2022 | | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്